**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** — **26-06-2024 - ൽ മറുപടിയ്ക്ക്**

**കായൽ ടൂറിസത്തിന്റെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ നിലവിലുള്ള സാധ്യതകൾ പൂർണ്ണമായും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സുരക്ഷിതമായ കായൽ ടൂറിസത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ സാധ്യതകൾ ടൂറിസം വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കായൽ മേഖലയിൽ വൈവിധ്യമാർന്ന ടൂറിസം പദ്ധതികൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. കായൽ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ആണ് കേരള ടൂറിസം ഹൗസ് ബോട്ടുകളെ ടൂറിസം മേഖലയ്ക്ക് പരിചിതമാക്കിയത്. ലോകത്തിൽ കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ടൂറിസം ഉൽപ്പന്നമായി ഹൗസ് ബോട്ടുകൾ മാറിക്കഴിഞ്ഞു. ക്യാമ്പയിനുകളുടെ മുഖമായി ഹൗസ് ബോട്ടുകളെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ പ്രധാനമായും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ് ബോട്ടുകൾ ഇന്ന് സംസ്ഥാനത്തിന്റെ ഇതര കായൽ മേഖലകളിലേക്കും വ്യാപിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ കായലുകളും ജലാശയങ്ങളും കേന്ദ്രീകരിച്ച് ഹൗസ് ബോട്ടുകളുടെ സാന്നിധ്യം സജീവമാണ്. ഹൗസ് ബോട്ടുകൾക്കൊപ്പം ചെറു വഞ്ചികൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയവയും കായൽ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികളെ ആകർഷിച്ചു വരുന്നു. കായലുകൾക്കു പുറമെ കായലുകളോട് ചേർന്ന ഇട പ്രദേശങ്ങളും (തോടുകൾ) സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുന്നുണ്ട്.**<br><br>**കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വിനോദ സഞ്ചാര വകുപ്പ് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ചാംപ്യൻസ് ബോട്ട് ലീഗിനു രൂപം നൽകുക വഴിയും കായൽ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം കൊച്ചിയിൽ ആരംഭിച്ച വാട്ടർമെട്രോ കായൽ ടൂറിസം മേഖലയിൽ വലിയ കുതിപ്പാണ്** |

| | | | |
|---|---|---|---|
| | | | **ഉണ്ടാക്കിയത്. വിദേശ സഞ്ചാരികളെ അടക്കം വാട്ടർമെട്രോ ആകർഷിക്കുന്ന ഒന്നായി മാറി.**<br><br>**കായൽ ടൂറിസം മേഖലയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വിനോദ സഞ്ചാര വകുപ്പും തുറമുഖ വകുപ്പിനു കീഴിലുള്ള കേരള മാരിടൈം ബോർഡും ചേർന്നു വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.** |
| (ബി) | ഹൗസ് ബോട്ടുകളുടെ എണ്ണം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം ക്രമീകരണത്തിനുള്ള മാനദണ്ഡം അറിയിക്കുമോ; | (ബി) | **ഹൗസ് ബോട്ടുകളുടെ സർവേ, റജിസ്ട്രേഷൻ എന്നിവ കേരള മാരിടൈം ബോർഡിന്റെ ചുമതലയിലാണ്. ഹൗസ് ബോട്ടുകളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്.** |
| (സി) | കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ; | (സി) | കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർധിപ്പിക്കാനായി ഡ്രെഡ്ജിങ്ങ് നടത്താനും കായലിൽ അടിഞ്ഞുകൂടിക്കിടക്കുന്ന പോള ശാസ്ത്രീയമായി നീക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ 22.01.2024ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ പ്രസ്തുത യോഗ തീരുമാനപ്രകാരമുള്ള തുടർനടപടികൾക്കു ബഹു. കേരള ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചു; ഈ സ്റ്റേ നീക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഹൗസ് ബോട്ടുകൾ മുഖേന കായലിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണു മാലിന്യ സംസ്കരണം. ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ ആവശ്യമായ പരിശീലനവും നിർദേശങ്ങളും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) മുഖേന ഹൗസ് ബോട്ട് ഉടമകൾക്കും ജീവനക്കാർക്കും നൽകുന്നുണ്ട്.<br><br>ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കാൻ നിലവിൽ കോട്ടയം ജില്ലയിൽ കുമരകത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ എച്ച് ബ്ലോക്കിലെയും വട്ടക്കായലിലെയും STP വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ